# പടവുകൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ

ഗവ. എച്ച്.എസ്.എൽ.പി.എസ് പാപ്പനംകോട്

തിരുവനന്തപുരം സൗത്ത്

തിരുവനന്തപുരം

## കാഴ്ചപ്പാട്

- ഓരോ കുട്ടിയുടെയും കഴിവ് കേവലം വിഷയപഠനത്തിൽ ഒതുക്കാതെ അവരുടെ ടാലന്റ് മനസ്സിലാക്കി യഥാർത്ഥ വിദ്യാഭ്യാസം കൈവരിക്കാൻ പ്രാപ്തരാക്കും.
- കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ സ്കൂളിൽ എത്തുന്നതിനും ജീവിതത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ അഭിമുഖീകരിക്കാനും വേണ്ട പരിശീലനം നൽകുന്നു.
- സ്വയം പഠന (ജിജ്ഞാസ ഉളവാക്കുന്ന തരത്തിലുള്ള പഠന പ്രവർത്തനങ്ങൾ) ത്തിന് അധ്യാപകരുടെ ഇടപെടലിലൂടെ സജ്ജമാക്കുന്നു.
- വിദ്യാലയത്തിൽ കുട്ടികളുടെ രക്ഷകർത്താക്കൾ മാത്രമല്ല. പ്രദേശത്തിലുള്ള മറ്റുള്ളവരുടേയും ഇടപെടലുകൾ ഉപയോഗപ്പെടുത്തുന്നു.

## പൊതുലക്ഷ്യങ്ങൾ

→ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് വിഷയങ്ങൾ ആശയ വ്യക്തതയോടെ എഴുതാനും വായിക്കാനും ഉള്ള കഴിവ് വികസിപ്പിക്കാൻ ശ്രമിക്കും.

→ ആരോഗ്യ, ശുചിത്വ, സുരക്ഷാ സംവിധാനങ്ങൾ സ്കൂളിൽ നടപ്പിലാക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

→ കുട്ടിയുടെ ഗുണമേൻമാ വിദ്യാഭ്യാസത്തിന് മുതൽ കൂട്ടാക്കാൻ (കലാ, കായികം, ശാസ്ത്രം) നാട്ടിലെ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കാൻ ശ്രമിക്കും.

→ ഇംഗ്ലീഷ് ഭാഷാപഠനം, സുഗമമാക്കുന്നതിനും എഴുതാനും വായിക്കാനും സംസാരിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കൽ

→ ഐ.റ്റി. സാധ്യതയിലുടെ ഭാഷാപഠനം മെച്ചപ്പെടുത്തും

→ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും നേട്ടമുറപ്പാക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കും.

→ അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുകയും ഗണിത ശേഷികൾ നേടിയെടുക്കുന്നതിനായി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ഗണിത ക്ലബ്ബിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തും.

→ 4-ാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും പരീക്ഷയിൽ L.S.S. വിജയിപ്പിക്കാൻ ശ്രമിക്കും.

# സവിശേഷ ലക്ഷ്യങ്ങൾ വിഷയാധിഷ്ഠിതമായി

## 1. മലയാളം

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു. എഴുതുന്നു എന്ന് ഉറപ്പാക്കുന്നു.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം നൽകുന്നു.
- ഭാഷാവികസനത്തിനുവേണ്ടി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തും.
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കും.

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| 1 | അർത്ഥപൂർണ്ണ വായന | 1. വിവിധ പ്രമേയങ്ങളുമായി ബന്ധപ്പെട്ട വായനാ കാർഡ് തയ്യാറാക്കുന്നു.<br>(വീട്, പരിസരം, ജീവികൾ, ചെടികൾ)<br>2. വ്യത്യസ്ത തന്ത്രങ്ങൾ ഉപയോഗിക്കുന്നു.<br>→ കഥ<br>→ ചിത്രം<br>→ ആഖ്യാനം<br>→ കഥയിലെ ബാക്കിഭാഗം<br>→ രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ വായനാ കാർഡ് നിർമ്മിക്കുന്നു<br>→ പത്രവായന, വിശകലനം<br>→ വായിക്കുന്നത് ഏതെങ്കിലും ആവശ്യത്തിന് എന്ന് തോന്നിക്കാൻ രസകരമായ പ്രശ്നോത്തരി ക്വിസ് എന്നീ മത്സരങ്ങൾ നടത്തുക. | ജൂൺ - ഒക്ടോബർ | അദ്ധ്യാപിക<br>PTA<br>URC | |
| 2 | അർത്ഥപൂർണ്ണ മായ എഴുത്ത് | → ചിത്രം നോക്കി കഥയെഴുത്ത്<br>→ സി.ഡി.യിൽ ഒരു ചിത്രം നൽകി കഥ എഴുത്ത്<br>→ കഥ, ബാക്കി എഴുത്ത്<br>→ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ - ജനുവരി | അദ്ധ്യാപിക<br>PTA<br>URC | |

# മലയാള ഭാഷ (Std IV)

| | | | | |
|---|---|---|---|---|
| മധുരം മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-പുസ്തകപരിചയം വായനാ കുറിപ്പ് ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

## 2. ഗണിതം

### ആമുഖം

ഗണിതം ആസ്വദിക്കാനും അവരുടെ വിരക്തി അകറ്റി ഗണിതത്തോട് അടുപ്പിക്കാനും ഞങ്ങൾ തെരഞ്ഞെടുത്ത പ്രവർത്തനമാണ് ഗണിതച്ചെപ്പ്.

## ലക്ഷ്യങ്ങൾ

→ ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ കുട്ടിയെ വളർത്തുന്നതിന്

→ മനഗണിതത്തിന് നൈപുണി നേടുതന്നതിന്

→ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായിക്കുന്ന അടിസ്ഥാന ക്രിയാശേഷി എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

→ ക്ലാസ്സ് മുറികളിൽ ഗണിതാന്തരീക്ഷം സൃഷ്ടിക്കൽ

→ വിവരസാങ്കേതിക വിദ്യ ഗണിത പഠനവുമായി ബന്ധിപ്പിക്കൽ

## പരിഗണിച്ച മേഖലകൾ

→ ഗണിത കഥകൾ, പാട്ട്

→ ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

→ കണക്കിലെ കളികൾ

→ പഠനോപകരണ നിർമ്മാണം

→ വ്യത്യസ്ത അളവുകൾ പരിചയപ്പെടൽ

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| 1 | ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക | ഗണിതകഥ, ഗണിതപാട്ട്, കളികൾ, പഠനോപകരണ നിർമ്മാണം, വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് ആസ്വാദ്യകരമാക്കുന്നു. | വർഷം മുഴുവനും | അദ്ധ്യാപിക PTA URS | |
| 2 | ഗണിതത്തിന് നൈപുണി നേടുന്നതിന് | സങ്കലനവുമായി ബന്ധപ്പെട്ട കളികൾ വ്യവകലനവുമായി ബന്ധപ്പെട്ട കളികൾ, പാട്ടുകൾ, പാറ്റേൺ | വർഷം മുഴുവനും | അദ്ധ്യാപിക PTA, URC | |
| 3 | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായിക്കുന്ന അടിസ്ഥാന ക്രിയാശേഷി എല്ലാ കുട്ടികളിലും ഉറപ്പാക്കുന്നു. | ഗണിത ക്രിയകളുമായി ബന്ധപ്പെട്ട പദങ്ങൾ പരിചയപ്പെടുത്തൽ ആകെ എല്ലാവർക്കും കൂടി മൊത്തം, തുക, വ്യത്യാസം എത്ര മടങ്ങ്, ബാക്കി ഇനി എത്ര, എത്ര കൂടുതൽ, എത്ര കുറവ്, ശേഷിക്കുന്നത് എത്ര കൂട്ടങ്ങൾ, ഒരെണ്ണത്തിലെത്ര? തുടങ്ങിയവ ഗണിതവുമായി ബന്ധപ്പെടുത്തി ഉചിതമായ ക്രിയകൾ കണ്ടെത്താൻ കുട്ടിയെ സഹായിക്കുന്നു. | ഒരു വർഷം | അദ്ധ്യാപിക PTA, URC | |
| 4 | ക്ലാസ്സ് മുറികളിൽ ഗണിതാന്തരീക്ഷം സൃഷ്ടിക്കൽ | പാമ്പും കോണിയും ത്രാസ്, തൂക്കകട്ടികൾ, ഡിസ്പ്ലേ ബോർഡ്, സംഖ്യാകോണിപ്പടി ഗണിത ചിത്രങ്ങൾ, കടങ്കഥകൾ, ഗണിതച്ചുമർ തയ്യാറാക്കൽ | ജൂൺ നവംബർ | URC Teacher | |
| 5 | വിവരസാങ്കേതിക വിദ്യ ഗണിത പഠനവുമായി ബന്ധിപ്പിക്കൽ | വർക്ക് ഷീറ്റുകൾ ഗണിത കേളികൽ കളിപ്പെട്ടിയിലെ പ്രവർത്തനങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട ഗണിത പ്രവർത്തനങ്ങൾ | വർഷം മുഴുവനും | URC Teacher | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| 1 | ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക | ഗണിതകഥ, ഗണിതപാട്ട്, കളികൾ, പഠനോപകരണ നിർമ്മാണം, വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് ആസ്വാദ്യകരമാക്കുന്നു. | വർഷം മുഴുവനും | അദ്ധ്യാപിക<br>PTA<br>URS | |
| 2 | ഗണിതത്തിന് നൈപുണി നേടുന്നതിന് | സങ്കലനവുമായി ബന്ധപ്പെട്ട കളികൾ വ്യവകലനവുമായി ബന്ധപ്പെട്ട കളികൾ, പാട്ടുകൾ, പാറ്റേൺ | വർഷം മുഴുവനും | അദ്ധ്യാപിക<br>PTA, URC | |
| 3 | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായിക്കുന്ന അടിസ്ഥാന ക്രിയാശേഷി എല്ലാ കുട്ടികളിലും ഉറപ്പാക്കുന്നു. | ഗണിത ക്രിയകളുമായി ബന്ധപ്പെട്ട പദങ്ങൾ പരിചയപ്പെടുത്തൽ ആകെ എല്ലാവർക്കും കൂടി മൊത്തം, തുക, വ്യത്യാസം എത്ര മടങ്ങ്, ബാക്കി ഇനി എത്ര, എത്ര കൂടുതൽ, എത്ര കുറവ്, ശേഷിക്കുന്നത് എത്ര കൂട്ടങ്ങൾ, ഒരെണ്ണത്തിലെത്ര? തുടങ്ങിയവ ഗണിതവുമായി ബന്ധപ്പെടുത്തി ഉചിതമായ ക്രിയകൾ കണ്ടെത്താൻ കുട്ടിയെ സഹായിക്കുന്നു. | ഒരു വർഷം | അദ്ധ്യാപിക<br>PTA, URC | |
| 4 | ക്ലാസ്സ് മുറികളിൽ ഗണിതാന്തരീക്ഷം സൃഷ്ടിക്കൽ | പാമ്പും കോണിയും ത്രാസ്, തൂക്കകട്ടികൾ, ഡിസ്പ്ലേ ബോർഡ്, സംഖ്യാകോണിപ്പടി ഗണിത ചിത്രങ്ങൾ, കടങ്കഥകൾ, ഗണിതച്ചുമർ തയ്യാറാക്കൽ | ജൂൺ നവംബർ | URC<br>Teacher | |
| 5 | വിവരസാങ്കേതിക വിദ്യ ഗണിത പഠനവുമായി ബന്ധിപ്പിക്കൽ | വർക്ക് ഷീറ്റുകൾ ഗണിത കേളികൾ കളിപ്പെട്ടിയിലെ പ്രവർത്തനങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട ഗണിത പ്രവർത്തനങ്ങൾ | വർഷം മുഴുവനും | URC<br>Teacher | |

| കളിക്കാം..ഗണിക്കാം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും . ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| ഗണിതലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠനോപകരണശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഎ<br>ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# 3. ഇംഗ്ലീഷ്

**ആമുഖം**

രക്ഷകർത്താക്കളുടെ നിരന്തര ആവശ്യമാണ് കുട്ടികളുടെ ഇംഗ്ലീഷിലുള്ള ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുക എന്നത്. ഇംഗ്ലീഷ് ഭാഷയിലുള്ള കുട്ടികളുടെ നിലവാരം ഉയർത്താതെ മുന്നോട്ടുപോകാൻ കഴിയില്ലെന്ന വസ്തുത തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി പ്രവർത്തനങ്ങളിൽ ഊന്നിനിന്നുകൊണ്ട് പഠന പ്രക്രിയയെ വിപുലപ്പെടുത്തുന്ന തന്ത്രമാണ് ഞങ്ങൾ സ്വീകരിച്ചത്.

**പ്രവർത്തനം**

പേര് : അസംബ്ലി

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ഓരോ ക്ലാസുകൾക്കും ഇടയ്ക്കിടക്ക് ചുമതല നൽകൽ. |

**പ്രവർത്തനം**

പേര് : പ്രസംഗം

മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| ഭാഷയിലെ വിവിധ ശേഷികളിൽ മികവ് നേടുക. | കുട്ടികളുടെ അനുഭവങ്ങൾ, കഥകൾ, വാർത്തകൾ തുടങ്ങിയവ ചുരുക്കമായി ഇംഗ്ലീഷിൽ പങ്കു വയ്ക്കുക. |

**പ്രവർത്തനം**

പേര് : ഭാഷാ ലാബ്

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് പുസ്തകങ്ങൾ പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ<br>സിഡികൾ ദൃശ്യശ്രവ്യ മാധ്യമങ്ങൾ എന്നിവ പ്രയോജനപ്പെടുത്തൽ |

**പ്രവർത്തനം**

പേര് : വാക്യ നിർമ്മാണം

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| കളികളിലൂടെയുള്ള പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. ചിത്രകഥ, കവിതാരചന, വരികൾ കൂട്ടിച്ചേർക്കൽ, ശരിയായ വാക്യം കണ്ടെത്തൽ<br>കഥാപൂരണം |

**പ്രവർത്തനം**

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| ഇംഗ്ലീഷ് പറയാനും എഴുതാനും പ്രാപ്തരാക്കുക | സ്കൂളിൽ 2 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യുന്നു.<br>കഥ/കവിത/സ്കിറ്റ്/അഭിമുഖം/ പ്രസംഗം |

**പ്രവർത്തനം**

പേര് : ഇംഗ്ലീഷ് കോർണർ

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
| --- | --- |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ |

**പ്രവർത്തനം**

പേര് : ഹലോ ഇംഗ്ലീഷ് ജേർണൽ

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
| --- | --- |
| ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം ഉറപ്പാക്കൽ | ഹലോ ഇംഗ്ലീഷ് ജേർണൽ പ്രവർത്തനങ്ങൾ നൽകി എല്ലാ കുട്ടികളെയും ഭാഷാ പ്രാവീണ്യം ഉറപ്പാക്കൽ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

# 4. അറബിക്

എല്ലാ കുട്ടികൾക്കും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പാക്കുന്നു. ഭാഷാവികസനത്തിനുവേണ്ടി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തും.

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
| --- | --- |
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജിക്കൽ | അക്ഷരങ്ങളുടെ രൂപവ്യത്യാസം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തിക്കൊണ്ടു വരും. നേരത്തെ തയ്യാറാക്കിയ അദ്ദലീൽ അറബി അക്ഷര പഠനസഹായി ഇതിനായി ഉപയോഗിക്കും. കൂടാതെ അക്ഷര കാർഡുകൾ ICT ഉപയോഗിച്ചുള്ള വിവിധ ഗയിമുകൾ തുടങ്ങിയവയും ഉപയോഗിക്കും. |
| അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക, പദ സമ്പത്ത് അധികരിക്കുക. | പുതിയ പദങ്ങൾ പരിചയപ്പെടൽ, പാഠ പുസ്തകങ്ങളിലുള്ള വാക്കുകൾക്കും പദങ്ങൾ ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. ദൈനംദിന കാര്യങ്ങൾ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും മാത്സ്യര ബോധത്തോടെ കുട്ടികൾ പങ്കാളികളാവുകയും ചെയ്യുന്നു. കൂടുതൽ പദങ്ങളും വാക്കുകളും കണ്ടെത്തുന്നവർക്ക് സമ്മാനം നൽകുന്നു. |
| അറബിയിലുള്ള ചെറിയ ശൈലികൾ ഉപചാര വാക്കുകൾ തുടങ്ങിയവ മനസ്സിലാക്കുക. | പാഠപുസ്തകങ്ങളിൽ നിന്നും മറ്റുപുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്നു. |

| | |
|---|---|
| ഭാഷാ ആഭിമുഖ്യം വായനാ താൽപര്യം പൊതു വിജ്ഞാനം തുടങ്ങിയവ വർദ്ധിപ്പിക്കൽ | വായനാ മത്സരം സംഘടിപ്പിക്കുന്നു. പൊതു വിജ്ഞാനം അറബി ഭാഷാ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി അറബിയിലും മാതൃഭാഷയിലു മായുള്ള ലളിതമായ ചോദ്യങ്ങളുൾക്കൊള്ളുന്ന ക്വിസ് മത്സരം സംഘടിപ്പിക്കും. |
| അറബിഭാഷാ വിനിമയശേഷി വർദ്ധിപ്പിക്കൽ | അറബികലോത്സവത്തിലെ അറബി ഭാഷയുമായി നേർക്കുനേരെ ബന്ധമുള്ള പദ നിർമ്മാണം, പദപ്പയറ്റ്, പദകേള അറബി പ്രസംഗം തുടങ്ങിയവ മത്സര പരിശീലനത്തിലൂടെയുള്ള പ്രവർത്തനം. |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ, കുട്ടികളുടെ സർഗ്ഗാത്മകശേഷി വർദ്ധിപ്പിക്കൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ ഉണ്ടാക്കുകയും സംബന്ധമായ ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യും. പ്രതിഭകൾക്ക് സമ്മാനങ്ങൾ നൽകും. |
| അറബിഭാഷ പഠനത്തിൽ ഐ.സി.റ്റി. സാധ്യത ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രാഥമിക ഘട്ടത്തിന് തുടക്കം കുറിക്കൽ | അറബിക് ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ് റൂം അറബിയിലുള്ള ബാല സാഹിത്യ ശേഖരണം തുടങ്ങിയവയിലൂടെയുള്ള പരിശീലനം കമ്പ്യൂട്ടറിൽ അറബിക് ടൈപ്പിംങ്ങിനായി കീ ബോർഡിൽ അറബി അക്ഷരങ്ങൾ പരിചയപ്പെടുത്തും. |

## 4. പരിസരപഠനം

→ ശാസ്ത്ര പഠനത്തിന് പരിസരത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ

→ പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിന് ആവശ്യമായ വിഭവങ്ങൾ വിദ്യാലയ പരിസരിത്ത് ഉണ്ടാക്കാൻ ശ്രമിക്കും. (ജേവ വൈവിദ്ധ്യ പാർക്ക്)

→ ഐ.സി.റ്റി. സൗകര്യങ്ങൾ പരിസര പഠനത്തിന് ലഭ്യമാക്കും.

→ വിസ്മയിച്ചവർ പ്രദർശിപ്പിക്കാൻ ശ്രമിക്കും.

→ ലഘു പരീക്ഷണ ലാബ്, ശാസ്ത്ര ലൈബ്രറി ഇവ തയ്യാറാക്കും.

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| 1 | ശാസ്ത്രപഠനത്തിന് പരിസരത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ | വിവിധ വസ്തുക്കളെ നിരീക്ഷിക്കാനുള്ള അവസരം.<br>പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെയുള്ള നിരീക്ഷണം | 6 മാസം | SSA<br>PTA<br>Govt. | |
| 2 | പഠന നേട്ടങ്ങൾ ഉറപ്പാക്കുന്നത് ആവശ്യമായ വിഭവങ്ങൾ വിദ്യാലയ പരിസരിത്ത് ഉണ്ടാക്കണം (ജൈവ വൈവിദ്ധ്യ പാർക്ക്) | നിരീക്ഷണ ഫലങ്ങൾ വ്യത്യസ്ത രീതിയിൽ നോട്ട് ബുക്കിൽ രേഖപ്പെടുത്തൽ വർക്ക് ഷീറ്റുകൾ<br>പരിസര നിരീക്ഷണത്തിനുള്ള പരമാവധി അവസരം ഒരുക്കൽ<br>ഉദ്യാനത്തിൽ ചെറുതും വലുതുമായ ഇലകളുള്ള ചെടികൾ, വള്ളിച്ചെടികൾ വ്യത്യസ്ത നിറത്തിലും വലുപ്പത്തിലുമുള്ള പൂക്കളുമുള്ള ചെടികൾ അടുക്കളത്തോട്ടം പഴവർഗ്ഗ ചെടികൾ മഴക്കുഴി കിളികൾക്ക് ചിരട്ടയിൽ വെള്ളം വയ്ക്കൽ | വർഷം മുഴുവനും | SRG<br>Teacher | |